## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7796

15.07.2014-ൽ മറുപടിയ്ക്ക്

### പന്തൽ സൗണ്ട് മേഖലകളിൽ പ്രവർത്തിക്കുന്നവരെ സാംസ്കാരിക പ്രവർത്തകക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. കൃഷ്ണൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ പന്തൽ, സൗണ്ട് മേഖലകളിൽ പ്രവർത്തിക്കുന്നവരെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സാംസ്ക്കാരിക പ്രവർത്തക ക്ഷേമനിധിയുടെ പരിധിയിൽ ഉൾപ്പെടുത്താനുള്ള തീരുമാനം സാംസ്കാരിക പ്രവർത്തകക്ഷേമ നിധി ബോർഡ് നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (എ) 2010 - ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിലെ 7 -ാം വകുപ്പ് (1) -ാം ഉപവകുപ്പിനു കീഴിലെ രണ്ടാം നിബന്ധനപ്രകാരം, ക്ഷേമനിധിയിൽ അംഗത്വത്തിനായി അപേക്ഷിക്കുന്ന സാംസ്കാരിക പ്രവർത്തകൻ, അയാൾ ടി ആക്ടിന്റെ അർത്ഥ വ്യാപ്തിയിൽപ്പെടുന്ന ഒരു സാംസ്കാരിക പ്രവർത്തകൻ എന്നുള്ളതിന്, ബന്ധപ്പെട്ട അക്കാഡമിയിൽ നിന്നോ ട്രേഡ് ബോഡിയിൽ നിന്നോ സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും നികായത്തിൽ നിന്നോ, സമാജത്തിൽ നിന്നോ ഉള്ള ഒരു ശുപാർശ സർട്ടിഫിക്കറ്റ് ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുന്നതിനായി ഹാജരാക്കേണ്ടതാണ്. ചലച്ചിത്ര അക്കാഡമി, സംഗീത നാടക അക്കാഡമി, നാടൻകലാ അക്കാഡമി, ലളിത കലാ അക്കാഡമി, സാഹിത്യ അക്കാഡമി, കേരള കലാമണ്ഡലം എന്നിവയാണ് ടി ആക്ട് പ്രകാരം സാംസ്കാരിക പ്രവർത്തകൻ എന്ന് ശുപാർശ ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള അക്കാഡമി / നികായങ്ങൾ. അതോടൊപ്പം തന്നെ, ശുപാർശ ചെയ്യാൻ അധികാരപ്പെട്ട ട്രേഡ് ബോഡി എന്നതിനും വ്യക്തമായ നിർവ്വചനം ടി ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതായത് ട്രേഡ്ബോഡി എന്നാൽ 1860 - ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റോ (1860-ലെ 21 -ാം കേന്ദ്ര ആക്ട്) തിരുവിതാംകൂർ - കൊച്ചി |

സാഹിത്യ, ശാസ്ത്രീയ ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റ് (1955 - ലെ 12) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സാംസ്കാരിക പ്രവർത്തനം നടത്തുന്ന ഒരു സമാജം എന്നാണ് നിർവചിക്കപ്പെട്ടിട്ടുള്ളത്. പന്തൽ , ലൈറ്റ് & സൌണ്ട് എന്നീ മേഖലയിൽ നിന്നും ലഭിച്ചിട്ടുള്ള അപേക്ഷകൾ കേരള സംസ്ഥാന ഹയർ ഗുഡ്സ് ഓണേഴ്സ് അസോസിയേഷന്റെ ശുപാർശയോടെയാണ് ലഭിച്ചിട്ടുള്ളത്. ക്ഷേമനിധിയിലേയ്ക്ക് അംഗത്വത്തിനായി നൽകുന്ന അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളവർ സാംസ്കാരിക പ്രവർത്തകൻ ആണെന്ന് ശുപാർശ ചെയ്യുന്നതിന് കേരള സംസ്ഥാന ഹയർ ഗുഡ്സ് ഓണേഴ്സ് അസോസിയേഷൻ ടി ആക്ട് പ്രകാരം അധികാരപ്പെട്ട ട്രേഡ്ബോഡി/ നികായമാണെന്നുള്ളതിന് വ്യക്തമായ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അപേക്ഷകൾ കേരള സംഗീത നാടക അക്കാഡമിയുടെ ശുപാർശക്കായി അയച്ചിരുന്നുവെങ്കിലും, അപേക്ഷകൾ ശുപാർശ ചെയ്യാതെ മടക്കി നൽകുകയാണുണ്ടായത്. ഇക്കാരണത്താൽ പന്തൽ അലങ്കാരം, ലൈറ്റ് & സൌണ്ട് എന്നീ മേഖലയിൽ നിന്നും ക്ഷേമനിധി അംഗത്വത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ ഇതുവരെ പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല.

| | |
|---|---|
| (ബി) ഇവർക്ക് ഈ ആനുകൂല്യം എപ്പോൾ ലഭിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) ഈ അപേക്ഷകൾ നൽകിയിട്ടുള്ളവർ സാംസ്കാരിക പ്രവർത്തനം നടത്തുന്നവരാണെന്നുള്ളതിന് ആക്ട് വ്യവസ്ഥപ്രകാരമുള്ള ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ അപേക്ഷകർക്ക് സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗത്വം നൽകി ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകാനാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ